Draft #1 of File 131826/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 16-Oct-2021 09:33 PM - Page 1

# മഹാത്മാഗാന്ധി സർവ്വകലാശാല

131826/AC A1-2/2021/AC A 1

16.10.2021

**പരിപത്രം**

| | |
|---|---|
| വിഷയം:- | സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ അദ്ധ്യയനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ നിർദേശം അനുസരിച്ച് 04.10.2021-ൽ വിദ്യാർത്ഥികൾ ക്യാമ്പസിൽ എത്തിച്ചേരുമ്പോൾ, കോവിഡ് മാനദണ്ഡപ്രകാരം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ -നിർദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്:- |

സൂചന :- സ്കൂൾ/ ഡിപ്പാർട്ട്മെന്റ് തലവന്മാരുമായി 03.10.2021-ൽ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ-വൈസ് ചാൻസലർ ഓൺലൈൻ ആയി നടത്തിയ അടിയന്തിര യോഗത്തിന്റെ നടപടിക്കുറിപ്പ് .

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ അദ്ധ്യയനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ നിർദേശം അനുസരിച്ച് 04.10.2021-ൽ വിദ്യാർത്ഥികൾ ക്യാമ്പസിൽ എത്തിച്ചേരുമ്പോൾ, കോവിഡ് മാനദണ്ഡപ്രകാരം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി, സ്കൂൾ / ഡിപ്പാർട്ട്മെന്റ് തലവന്മാരുമായി 03.10.2021 -ൽ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ -വൈസ് ചാൻസലർ ഓൺലൈനായി ചേർന്ന യോഗത്തിൽ താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിരിക്കുന്നു.

* സർവ്വകലാശാലയിൽ നടപ്പിലാക്കിയ സർക്കാർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ എല്ലാ അദ്ധ്യാപകരും അതതു സ്കൂളുകളിൽ/ഡിപ്പാർട്ട്മെന്റുകളിൽ 04.10.2021 മുതൽ ഹാജരാകേണ്ടതാണ്. അന്നേ ദിവസം മുതൽ ഓഫ്‌ലൈൻ അദ്ധ്യയനം തുടങ്ങും.

* ഏതെങ്കിലും സ്കൂളുകൾ /സെന്ററുകളിലെ നാലാം സെമസ്റ്റർ പരീക്ഷാഫലം പ്രഖ്യാപിക്കുവാൻ ഉണ്ടെങ്കിൽ ആയത് അടിയന്തിരമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പരീക്ഷാ ഫലപ്രഖ്യാപനം വൈകുന്നുണ്ടെങ്കിൽ ടി വിവരം വകുപ്പ തലവന്മാർ വൈസ് ചാൻസലറുടെ ഓഫീസിൽ അറിയിക്കേണ്ടതാണ്.

* പുതിയ ബാച്ചിനുള്ള ഔട് കം ബേസ്ഡ് എഡ്യൂക്കേഷൻ (ഒ.ബി.ഇ.) പ്രകാരമുള്ള സിലബസ് ഇനിയും തയ്യാറാക്കാത്ത പഠന വകുപ്പുകൾ ആയത് എത്രയും വേഗം തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. സിലബസ് തയ്യാറാക്കുന്നതിൽ ഏതെങ്കിലും അധ്യാപകർ വിമുഖത കാണിക്കുന്നുണ്ടെങ്കിൽ വകുപ്പ തലവന്മാർ പ്രസ്തുത വിവരം സർവ്വകലാശാലയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

* ഒന്നാം സെമസ്റ്റർ ക്ലാസുകൾ ഒക്ടോബർ 18-ന് ആരംഭിക്കത്തക്ക വിധത്തിൽ പ്രവേശന നടപടികൾ ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചു.

* എല്ലാ പഠനവകുപ്പുകളിലും സെന്ററുകളിലും തെർമൽ സ്കാനർ വാങ്ങുവാൻ തീരുമാനിച്ചു. ഈ ഇനത്തിലെ ചെലവ് ഡിപ്പാർട്ട്മെന്റ് ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നോ പഠനവകുപ്പുകളിലെ സ്ഥിരം മുൻകൂർ തുകയിൽ നിന്നോ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

കണ്ടെത്തവുന്നതാണ്.

മേൽ തീരുമാനങ്ങൾ എല്ലാ സർവ്വകലാശാലാ പഠന വകുപ്പുകളിലും പ്രാവർത്തികമാക്കേണ്ടതാണ്.

**കാഞ്ചന എൻ.നായർ**
**അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്

1.സർവ്വകലാശാലാ പഠന വകുപ്പുകൾ

2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ

4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )

5.ഓഡിറ്റ്/അക്കൗണ്ട്സ്/ ഫിനാൻസ്/ പരീക്ഷ / അക്കാദമിക് സെക്ഷനുകൾ

6.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി / എ സി ബി 7 / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ

7.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

Draft #1 of File 131826/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 16-Oct-2021 09:33 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം